# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അകലക്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം./പി13/1714/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകലക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം./പി13/1714/21 തീയ്യതി: 14/02/2022

## കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 30-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ(ഹ ഗ്രേ) | 14-12-2021 | 24-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-12-2021 | 24-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഞ്ജിത്ത് എം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷാജിമോൻ പി ബി,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| റ്റോണി എബ്രഹാം | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ജാൻസിബാബു | പ്രസിഡന്റ് | 23-12-2020 | 31-03-2021 |
| സൂസിജോസഫ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കവിത എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| രശ്മിപ്രഭാകർ | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ജലജാകുമാരി പി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| അമലമാത്യൂ | വി ഇ ഒ - 1 | 01-04-2020 | 31-03-2021 |
| മനമോഹൻ | വി ഇ ഒ - 2 | 01-04-2020 | 31-03-2021 |
| കുര്യക്കോസ് മാത്യൂ റ്റി | വെറ്ററിനറി സർജൻ | 01-04-2020 | 19-10-2020 |
| അജിൻജോസ് | വെറ്ററിനറി സർജൻ | 20-10-2020 | 31-03-2021 |
| അന്ന പി ജോൺ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ജൂലിജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സിന്ധ്യ ട്രീസ മൈക്കിൾ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 09-02-2021 |
| ഡോ,വസുധ എസ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 10-02-2021 | 31-03-2021 |
| ഡോ,ആന്റണിജോസ് | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2020 | 24-02-2021 |
| ഡോ,ധന്യ | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 25-02-2021 | 31-03-2021 |
| സറീനഅബ്ദുൾഅസീസ് | അസിസ്റ്റന്റ്സെക്രട്ടറി | 01-04-2020 | 07-05-2020 |
| അമല , വി ഇ ഒ | അസിസ്റ്റന്റ്സെക്രട്ടറി(ചാർജ്) | 07-05-2020 | 23-06-2020 |
| ജോസഫ് മാർട്ടിൻ | അസിസ്റ്റന്റ്സെക്രട്ടറി | 23-06-2020 | 20-02-2021 |
| സന്ദീപ് സദൻ | അസിസ്റ്റന്റ്സെക്രട്ടറി(ചാർജ്) | 20-02-2021 | 31-03-2021 |

10-11-2020 മുതൽ 22-12-2020 വരെ അഡ്മിനിസ്ട്രേറ്റർ ഭരണം ആയിരുന്നു

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 17-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 17-12-2021) | 1-1 |
| 2 | വാർഷികകണക്ക് പരിശോധന<br>Written By: Rajesh M (Asst. Audit Officer, On 17-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rajesh M (Asst. Audit Officer, On 17-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 17-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rajesh M (Asst. Audit Officer, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith M (Senior Grade Auditor, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: P B Shajimon (Auditor, On 22-12-2021)<br>Last Updated By: P B Shajimon (Auditor, On 22-12-2021) | 1-7 |
| 8 | കാഷ്ബാലൻസ് പരിശോധന<br>Written By: Ranjith M (Senior Grade Auditor, On 22-12-2021)<br>Last Updated By: Ranjith M (Senior Grade Auditor, On 22-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Rajesh M (Asst. Audit Officer, On 22-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 22-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 22-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 22-12-2021) | 1-10 |
| 11 | വസ്തുനികുതി കുടിശ്ശിക<br>Written By: Ranjith M (Senior Grade Auditor, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 1-11 |
| 12 | ക്രമവൽക്കരണം നടത്തി വസ്തുനികുതിനിർണ്ണയിച്ചിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-13 |
| 14 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Ranjith M (Senior Grade Auditor, On 24-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-14 |
| 15 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: P B Shajimon (Auditor, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-15 |
| 16 | ഇ എം എസ് ഭവനപദ്ധതി ഗുണഭോക്താവ് തിരിച്ചടച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Rajesh M (Asst. Audit Officer, On 21-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 1-16 |
| 17 | ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 23-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-17 |
| 18 | അങ്കണവാടി നിർമ്മാണം പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുക വിനിയോഗിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-18 |

| | | |
|---|---|---|
| 19 | നിക്ഷേപ പ്രവൃത്തികൾ -നിർവ്വഹണം കാര്യക്ഷമമല്ല<br>Written By: Rajesh M (Asst. Audit Officer, On 22-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-19 |
| 20 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 1-20 |
| 21 | ഇലക്ഷൻ ഡെപ്പോസിറ്റായി സ്വീകരിച്ച 75500 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്<br>Written By: Rajesh M (Asst. Audit Officer, On 24-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-21 |
| 22 | കാർഷിക ഓപ്പൺ മാർക്കറ്റിന് ഫർണ്ണിച്ചർ വാങ്ങൽ-അപാകതകൾ<br>Written By: Ranjith M (Senior Grade Auditor, On 24-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-22 |
| 23 | ക്ലീൻകോട്ടയം ഗ്രീൻ കോട്ടയം- അംഗീകാരം നേടിയ പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കി<br>Written By: P B Shajimon (Auditor, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-23 |
| 24 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയത്തിൽ അവ്യക്തത<br>Written By: P B Shajimon (Auditor, On 23-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-24 |
| 25 | ലൈഫ് ഭവന പദ്ധതി പ്രകാരം 2000,00/രൂപ കൈപ്പറ്റി- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: P B Shajimon (Auditor, On 23-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-25 |
| 26 | ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയ ഗുണഭോക്താവിന് 100,000/ രൂപ അധികമായി നൽകി<br>Written By: P B Shajimon (Auditor, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-26 |
| 27 | വനിതസംരംഭം വ്യക്തിഗതം (എസ്.സി) പ്രോജക്ട് പ്രകാരം നൽകിയ സബ്സിഡി പ്രയോജനപ്പെടുത്തിയിട്ടില്ല.<br>Written By: P B Shajimon (Auditor, On 23-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-27 |
| 28 | എസ്.സി/ എസ്.റ്റി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -<br>Written By: P B Shajimon (Auditor, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-28 |
| 29 | വിവാഹ ധനസഹായം - വിവാഹം നടന്നതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>Written By: P B Shajimon (Auditor, On 24-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-29 |
| 30 | എസ്.റ്റി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അംഗീകാരമില്ലാത്ത കോഴ്സിന് അനുവദിച്ചു.<br>Written By: P B Shajimon (Auditor, On 24-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-30 |
| 31 | ടെണ്ടർ ഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 23-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 1-31 |
| 32 | റിടെൻഷൻ തുക കരാറുകാരന് നല്കിയ ശേഷവും ബാധ്യതയായി നില്ക്കുന്നു.<br>Written By: Rajesh M (Asst. Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-32 |
| 33 | നികുതി ഇനത്തിൽ കിഴിവ് ചെയ്ത തുകകൾ അക്കൗണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-33 |
| 34 | കെട്ടിട നിർമ്മാണ പ്രവൃത്തികൾ അവലോകനം<br>Written By: Rajesh M (Asst. Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 1-34 |
| 35 | കോവിഡ് ചെലവുകളുടെ അവലോകനം<br>Written By: P B Shajimon (Auditor, On 24-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 17-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 24-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 19-12-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 21-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 11-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 19-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 19-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 19-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 19-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajesh M (Asst. Audit Officer, On 23-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 14-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 22/02/2020 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11657154 | 14964670 |
| വരവ് | 78871000 | 65965457 |
| ആകെ | 90528154 | 80930127 |
| ചെലവ് | 85111180 | 69490709 |
| നീക്കിയിരിപ്പ് | 5416974 | 11439418 |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു.

### 1-2 വാർഷികകണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 106440434/- രൂപയും ചെലവ് 108004440/- രൂപയും തൻവർഷ ധനകമ്മി 1564006/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 57358304/- രൂപയും ബാധ്യതകളുടെ മൂല്യം 48600653 രൂപയും ജനറൽ ഫണ്ട് 8757651/- രൂപയുമാണ്. 2020-21 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) എ.സി.ആർ. സൂക്ഷിച്ചിട്ടുണ്ട് എങ്കിലും മുൻ വർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്ത് വരുന്ന പല തുകകളും എന്താവശ്യത്തിന് ലഭിച്ചതാണെന്ന് വ്യക്തമല്ല.പ്രത്യേക ഉദ്ദേശ ഗ്രാന്റുകളിൽ നിന്നും ചെലവ് നടത്തുമ്പോൾ ജേണൽ എൻട്രി നടത്തി ബാലൻസ് ഷീറ്റിൽ ക്രമീകരണം നടത്തുന്നില്ല
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
4. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
5. 412010101-Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പ് 4880192/- രൂപ നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
6. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
7. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.
8. വിവിധ നിക്ഷേപ സാക്ഷ്യപത്രങ്ങൾ പ്രകാരം 2020-21 ലെ സ്ഥിര നിക്ഷേപം 1211006/-രൂപയാണ് ,എന്നാൽ

ബി-12 ഷെഡ്യൂൾ പ്രകാരം സ്ഥിര നിക്ഷേപം 1134787/- രൂപയാണ്.

9. എം എൻ ഭവനപദ്ധതി അക്കൗണ്ടിൽ 43748/ രൂപ നീക്കിയിരിപ്പ് കാണിക്കുന്നു. പദ്ധതി നിലവിലില്ലാത്തതിനാൽ ഈ തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

10. തൊഴിലുറപ്പ് പദ്ധതി വരവ് 12286521/- രൂപയാണ് എന്നാൽ ഐ-6 ഷെഡ്യൂൾ പ്രകാരം ആയത് 525000രൂപയാണ്.

11. SGST, CGST എന്നിവയിലെ തെറ്റായ രേഖപ്പെടുത്തലുകൾ മൂലം B9 ഷെഡ്യൂളിൽ ആയവ നെഗറ്റീവ് സംഖ്യയായി രേഖപ്പെടുത്തിയിരിക്കുന്നു.

12. വിവിധ ഏജൻസികളിൽ പ്രവൃത്തികളായി നിക്ഷേപിച്ചിട്ടുള്ള തുക ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം ആസ്തിയായി ചേർത്തത് ക്രമപ്രകാരമല്ല.

13. സ്ഥിരനിക്ഷേപത്തിൽ തൻവർഷം പലിശ കൂട്ടിചേർത്തത് AFS പ്രകാരം 88289 രൂപയാമ്. എന്നാൽ യഥാർത്ഥത്തിൽ ആയത് 86327/- രൂപയാണ്.

14. ബ്ലോക്ക്, വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം ഇനങ്ങളിൽ ഡയറക്ട് മീറ്റിങ്ങിലൂടെ പഞ്ചായത്തിന് ലഭിച്ച വിഹിതം (RP7) ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14964670 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65965457 |
| ആകെ | 80930127 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69490709 |
| നീക്കിയിരിപ്പ് | 11439418 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 317465 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12252375 | 12252375 | 12251093 | 1282 | 99.98 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 2266000 | 2266000 | 1830227 | 435773 | 80.77 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 226104 | 226104 | 187000 | 39104 | 82.71 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 8379720 | 8379720 | 8014670 | 365050 | 95.64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 4770000 | 4770000 | 2695673 | 2074327 | 56.51 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 8967000 | 8967000 | 8938517 | 28483 | 99.68 |
| മെയിന്റനൻസ് | 0 | 3750000 | 3750000 | 3740383 | 9617 | 99.74 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്-Non Road | | | | | | |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 134758 | 0 | 134758 | 0 | 134758 | 00 |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 12785.70 | 12286521 | 12299306.7 | 12294180 | 5126.70 | 99.95 |
| ICDS ഫണ്ട് | 210256 | 541867 | 752123 | 583026 | 169097 | 77.51 |
| എസ് എസ് എ | 64632 | 897(പലിശ) | 65969 | 00 | 65969 | 0 |
| കേന്ദ്ര പ്രത്യേക ഉദ്ദേശ ഗ്രാന്റ്(ആലുങ്കൽ തകിടി അങ്കണവാടി | 12000 | 0 | 12000 | 0 | 12000 | 0 |
| കേന്ദ്ര പ്രത്യേക ഉദ്ദേശ ഗ്രാന്റ്(മണ്ണൂർപ്പള്ളി അങ്കണവാടി, കുടിവെള്ളം) | 10000 | 0 | 10000 | 0 | 10000 | 0 |
| കേന്ദ്ര പ്രത്യേക ഉദ്ദേശ ഗ്രാന്റ്, ഖരമാലിന്യ നിർമാർജനം | 64949 | 0 | 64949 | 39429 | 25520 | 0 |
| TSC | 0 | 150000 | 150000 | 150000 | 0 | - |
| സംയോജിത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം | 990000 | 0 | 990000 | 0 | 990000 | 990000 |
| സംയോജിത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം | 24100 | 0 | 24100 | 0 | 24100 | 0 |
| സംയോജിത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം | 1246405 | 0 | 1246405 | 0 | 1246405 | 0 |
| സംയോജിത പദ്ധതി ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 574823 | 0 | 574823 | 0 | 574823 | 0 |
| സംയോജിത പദ്ധതി ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 0 | 300000 | 300000 | 0 | 300000 | 0 |
| ഗുണഭോക്തൃവിഹിതം | 94551 | 51300 | 145851 | 0 | 145851 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 1617633 | 1617633 | 0 | 1617633 | 0 |
| ലൈഫ് സ്റ്റേറ്റ് വിഹിതം | 0 | 198584 | 198584 | 0 | 198584 | 0 |

| | | | | | | |
|---|---|---|---|---|---|---|
| കൃഷി അവാർഡ് | 150000 | 0 | 150000 | 0 | 150000 | 0 |

- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് വരവ് 10996308/- രൂപയാണ്.സർക്കാർ നേരിട്ട് കുറവ് ചെയ്ത 1256067രൂപ ഉൾപ്പെടെ വികസനഫണ്ട് വരവ് 12252375/- രൂപയാണ്.
- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് എസ് സി പി വരവ് 2251373/- രൂപയാണ്.സർക്കാർ നേരിട്ട് കുറവ് ചെയ്ത 14627/-രൂപ ഉൾപ്പെടെ വികസനഫണ്ട് എസ് സി പി വരവ് 2266000/- രൂപയാണ്.
- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വരവ് 3712071/-രൂപയുമാണ്.സർക്കാർ നേരിട്ട് കുറവ് ചെയ്ത 37929/-രൂപ ഉൾപ്പെടെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വരവ് 3750000/- രൂപയാണ്.
- ഗുണഭോക്തൃവിഹിതം ഇനത്തിൽ 2020-21 ന് മുൻപും തൻവർഷവും പിരിച്ചെടുത്ത 145851/-രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
- പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

വാർഷികകണക്ക്,എ സി ആർ, ചെലവ് പത്രിക,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിലുള്ള വ്യത്യാസത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വാർഷികകണക്ക്/എ സി ആർ പ്രകാരം | ചെലവ് പത്രിക /ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് | 10995026 | 12251093 | 1256066/- ,രൂപ സർക്കാർ നേരിട്ട് കിഴിവ് ചെയ്തത് വാർഷികകണക്കിൽ വരുന്നില്ല |
| എസ് സ് പി | 1815600 | 1830227 | 14627/-രൂപ സർക്കാർ നേരിട്ട് കിഴിവ് ചെയ്തത് വാർഷികകണക്കിൽ വരുന്നില്ല |
| മെയിന്റനൻസ് നോൺറോഡ് | 3702454 | 3740383/- | 37929/-രൂപ സർക്കാർ നേരിട്ട് കിഴിവ് ചെയ്തത് വാർഷികകണക്കിൽ വരുന്നില്ല |

### 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2020ലെ ഉത്തരവ് നം. 80898/2020/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 23/12/2019 |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 20/02/2020 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 28/12/19-12 /1/2020 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 02/03/2020 |

2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 89688277/- രൂപയും ആകെ ചെലവ് 52186292/- രൂപയുമാണ്. അംഗീകാരം ലഭിച്ച 230 പ്രോജക്ടുകളിൽ 185എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 12 | 3469350 | 2080894 | 59.97 |
| വെറ്ററിനറി സർജൻ | 9 | 9 | 3140000 | 1999729 | 63.68 |
| എം.ഒ (പിഎച്ച്സി) | 5 | 5 | 1180000 | 894761 | 75.82 |
| എം.ഒ (ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| എം.ഒ (ആയുർവേദം) | 1 | 1 | 350000 | 350000 | 100 |
| വി ഇ ഒ | 31 | 23 | 23929141 | 7649429 | 31.96 |
| ഹെഡ്മാസ്റ്റർ | 8 | 2 | 700000 | 374972 | 53.56 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 9 | 4 | 6720800 | 5549136 | 82.56 |
| സെക്രട്ടറി | 43 | 36 | 14216291 | 8896526 | 62.57 |
| അസി.എൻജിനീയർ എൽ.എസ്.ജി.ഡി | 99 | 83 | 34128957 | 22842390 | 66.92 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 800000 | 800000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 1003738 | 698455 | 69.58 |
| ആകെ | 230 | 185 | 89688277 | 52186292 | 58.18 |

- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിന്റെ ചെലവ് 56.51 ആയതൊഴിച്ചാൽ വിവിധ സർക്കാർ ധനസഹായങ്ങളുടെ ചെലവ് തൃപ്തികരമാണ്.
- കാർഷിക സംഘങ്ങൾക്ക് ഉല്പന്ന സംഭരണ /വിതരണത്തിന് 2.5 ലക്ഷം രൂപയോളം ചെലവഴിച്ചിട്ടുണ്ടെങ്കിലും പൂവത്തിളപ്പ് സംഘത്തിന്റെ ഇക്കോഷോപ്പിന്റെ പ്രവർത്തനം മാത്രമാണ് പ്രാദേശിക പരിശോധനയിൽ തൃപ്തികരമായി കണ്ടത്
- വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രോജക്ടുകൾക്കായി 19.99 ലക്ഷം ചെലവഴിച്ചെങ്കിലും ആയതിൽ 2 ലക്ഷം രൂപയോളം ചെലവഴിച്ചത് ആശുപത്രി ഭൗതികസാഹചര്യ വികസനത്തിനാണ്.
- തൻ വർഷത്തെ മെഡിക്കലോഫീസറുടെ ചെലവ് പ്രധാനമായും കോവിഡ് പ്രതിരോധത്തിൽ ഊന്നിയുള്ളതായിരുന്നു.
- ഐസിഡിഎസ് സൂപ്പർവൈസറെ ഏൽപ്പിച്ച 9 പ്രോജക്ടുകളിൽ 4 എണ്ണം നിർവ്വഹിച്ചു
- പഞ്ചായത്തിന്റെ ചുമതലയായ സ്ട്രീറ്റ് ലൈറ്റ്/കുടിവെള്ളം എന്നിവയിലൂന്നിയുള്ള പ്രോജക്ടുകൾ സെക്രട്ടറി തൃപ്തികരമായി നടപ്പിലാക്കിയിട്ടുണ്ട് .എന്നാൽ മോണിറ്ററിംഗിന്റെ അഭാവം നിർവ്വഹണത്തിൽ പ്രകടമാണ്.
- 8 പ്രോജക്ടുകൾ ഏറ്റെടുത്ത ഹെഡ്മാസ്റ്റർ 2 പ്രോജക്ടുകൾ മാത്രമാണ് നിർവ്വഹിച്ചത്.
- അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപിച്ച 99 പ്രോജക്ടുകളിൽ 83 എണ്ണവും നിർവ്വഹിക്കാൻ കഴിഞ്ഞത് നേട്ടമാണ്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം സാങ്കേതിക അനുമതി ലഭിച്ച 108 പ്രോജക്ടുകളിൽ 90എണ്ണവും തൻവർഷം നടപ്പിലാക്കി. 34909 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 594 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി ,തരിശുനിലം കൃഷിയോഗ്യമാക്കൽ, റോഡ് കോൺക്രീറ്റിംഗ്, പടുതാക്കുളം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 12785.70 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 11626180 | 12286521 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 660341 | |

| | | | |
|---|---|---|---|
| ആകെ വരവ് | | | 12299306.7 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 10303016 | |
| | വിദഗ്ധ തൊഴിലാളികളുടെവേതനം, സാധന വില | 1323164 | |
| | ഭരണ ചെലവുകൾ | 668000 | |
| ആകെ ചെലവ് | | | 12294180.00 |
| നീക്കിയിരിപ്പ് | | | 5126.70 |

വാർഷികകണക്കിൽ വരവ് തെറ്റായി രേഖപ്പെടുത്തിയതിനാൽ NREGA ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 27194300 | 1789 |
| കർഷകതൊഴിലാളി പെൻഷൻ | 4166500 | 233 |
| വിധവാപെൻഷൻ | 10409300 | 628 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 935200 | 58 |
| വികലാംഗപെൻഷൻ | 5277500 | 281 |

## 1-8 കാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 21/12/2021-ന് 03:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 10202/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. . നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/02/2020 | 02/2020 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 04/12/2017-07/12/2017 | 2009-10 മുതൽ 2013-14 വരെ | LBA(HQ)II/8A-2297/28 Dated 15/06/2015 |

1-11 വസ്തുനികുതി കുടിശ്ശിക

1.ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക.

അകലക്കുന്നം ഗ്രാമ പഞ്ചായത്തിൽ പൂവത്തിളപ്പ്,കരിമ്പാനി എന്നിവടങ്ങളിൽ സ്ഥിതി ചെയ്യുന്ന രണ്ട് ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തു നികുതി ഇനത്തിൽ കുടിശ്ശികയുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് /കെട്ടട നമ്പർ | കാലയളവ് | ലഭിക്കുവാനുള്ള തുക |
|---|---|---|
| 04/327/കരിമ്പാനി | 2018 മുതൽ 2021 വരെ | 42386 |
| 06/59/പൂവത്തിളപ്പ് | 2018മുതൽ 2021 വരെ | 49665 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക അടവാക്കാത്തതിനാൽ 01.12.2021 ൽ A1/2096/2021 -ംനമ്പരായി റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് ജനറൽ മാനേജർ ബി.എസ്.എൻ.എൽ ന് നൽകിയിട്ടുണ്ട്.നോട്ടീസ് കിട്ടി 15 ദിവസത്തിനകം കുടിശ്ശിക അടവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.തുക ലഭിക്കാത്ത പക്ഷം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2.വില്ലേജ് ഓഫീസുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

അകലക്കുന്നം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചെങ്ങളം ഈസ്റ്റ് വില്ലേജ് ഓഫീസ്,അകലക്കുന്നം വില്ലേജ് ഓഫീസ് (പൂവത്തിളപ്പ്)എന്നീ കെട്ടിടങ്ങളുടെ വസ്തു നികതി കുടിശ്ശികയാണ് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/വാർഡ് | കാലയളവ് | തുക |
|---|---|---|
| 08/240/പൂവത്തിളപ്പ് | 2013മുതൽ 2021 വരെ | 28370 |
| 09/311/ചെങ്ങളം | 2013മുതൽ 2021 വരെ | 14902 |

കുടിശ്ശിക ഈടാക്കുന്നതിന് 03.12.2021 ൽ A1/2096/2021 -നമ്പരായി റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. അടവാക്കാത്ത പക്ഷം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 ക്രമവൽക്കരണം നടത്തി വസ്തുനികുതിനിർണ്ണയിച്ചിട്ടില്ല

1.കെ.ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്ട്സ്

അകലക്കുന്നം ഗ്രാമപഞ്ചായത്തി X-ം വാർഡിൽ തെക്കുംതലയിൽ സ്ഥിതി ചെയ്യുന്ന കെ.ആർ നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്ട്സ് എന്ന സ്ഥാപനത്തിന്റെ 13918.35 ച.മീ തറവിസ്തീർണ്ണമുള്ള 9 കെട്ടിടങ്ങൾ (ആകെ) നികുതി വിധേയമായിട്ടില്ല.നിലവിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിലേക്കായി ക്രമവൽക്കരണ ഫീസ് അടവാക്കുന്നതിനായി പഞ്ചായത്ത് അറിയിപ്പ് നൽകിയിട്ടുള്ളതാണ്.എന്നാൽ നാളിതുവരെ അടവാക്കിയിട്ടില്ല. 26.07.2019 ൽ കോട്ടയം ജില്ലാ പഞ്ചായത്ത് ഹാളിൽ വെച്ച് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു ജില്ലാ കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,ജില്ലാ ടൗൺ പ്ലാനർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ജില്ലാതല അദാലത്തിൽ സ്ഥാപനം പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമാണെങ്കിൽ ക്രമവൽക്കരണ ഫീസിൽ ഇളവ് ലഭിക്കുന്നതിനായി സർക്കാരിനെ സമീപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ സർക്കാർ ഉത്തരവ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 22.11.2021 ലെ A1.1630/2017 -ം നമ്പർ കത്ത് പ്രകാരം 10 ദിവസത്തിനകം ക്രമവൽക്കരണ ഫീസ് അടവാക്കി കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിയമാനുസൃതമല്ലാതെ പണിത കെട്ടിടങ്ങളായി കണക്കാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും ക്രമവത്ക്കരണ നടപടികൾ ഉണ്ടാകുന്നില്ലെങ്കിൽ നിയമനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.മോഡൽ പോളിടെക് നിക്ക് കോളേജ് മറ്റക്കര

അകലക്കുന്നം ഗ്രാമപഞ്ചായത്ത് Xiii-ം വാർഡിൽ സ്ഥിതി ചെയ്യുന്ന മോഡൽ പോളിടെക് നിക്ക് കോളേജ് മറ്റക്കരയുടെ ഉടമസ്ഥതയിലുള്ള 3594 ച.മീ തറവിസ്തീർണ്ണമുള്ള 9 കെട്ടിടങ്ങൾ പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തീകരിക്കുകയും ഒക്കുപെൻസി സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.നിലവിൽ പഞ്ചായത്ത് അസ്സസ്മെന്റ് രജിസ്റ്ററിൽ ഇല്ലാത്ത ടി കെട്ടിടങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തുന്നതിന് ക്രമവൽക്കരിക്കേണ്ടതുണ്ടെന്ന് രേഖാമൂലം സ്ഥാപനത്തിന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് 26.07.2019 ൽ കോട്ടയം ജില്ലപഞ്ചായത്ത് ഹാളിൽ വെച്ച് നടന്ന അദാലത്തിൽ അനധികൃത നിർമ്മാണ ക്രമവത്ക്കരണ ചട്ടപ്രകാരം അപേക്ഷ സമർപ്പിച്ച് പരിഹാരം തേടുന്നതിന് നിർദ്ദേശിച്ചിരുന്നു.ആയതിലേക്ക് നൽകിയിരുന്ന

അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന സൈറ്റ് പ്ലാൻ,ബിൽഡിംഗ് പ്ലാൻ എന്നിവ ന്യൂനതകൾ പരിഹരിച്ച് പുനർ സമർപ്പിക്കുന്നതിനായി ജില്ലാ ടൗൺ പ്ലാനർ തിരികെ അയച്ചിരുന്നു.എന്നാൽ ന്യൂനതകൾ പരിഹരിച്ച് 15 ദിവസത്തിനകം പുനർ സമർപ്പിക്കേണ്ടതാണെന്ന് കാണിച്ച് 13.09.2021 ലെ A3.779/2019 പ്രകാരം സ്ഥാപനത്തിന്റെ പ്രിസിപ്പലിന് കത്ത് നൽകിയിട്ടുള്ളതാണ്.എന്നാൽ തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല. കെട്ടിടം അനധികൃത നിർമ്മാണമായി കണക്കാക്കി കേരളപഞ്ചായത്ത് രാജ് നിയമം സെക്ഷൻ 236 പ്രകാരം നടപടികൾ സ്വീകരിക്കുമെന്ന് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.ആയതിന്റെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരളപഞ്ചായത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥമായ താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നികുതി അടയ്ക്കാത്ത അർദ്ധവർഷം |
|---|---|
| ഈസാഫ് -ചെങ്ങളം | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല |
| സൗത്ത് ഇൻഡ്യൻ ബാങ്ക് | രണ്ടാം അർദ്ധവർഷം അടച്ചിട്ടില്ല |
| അകലക്കുന്നം റൂറൽ ഹൗസിംഗ് സൊസൈറ്റി | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |
| സപ്ലൈകോ -മറ്റക്കര | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |
| സപ്ലൈകോ കാഞ്ഞിര മറ്റം | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |

കൂടാതെ സപ്ലൈകോ കാഞ്ഞിരമറ്റം എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതോടൊപ്പം മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കരിമ്പാനി
- കാഞ്ഞിരമറ്റം
- ചെങ്ങളം
- ആനിക്കാട്
- മറ്റക്കര

കൂടാതെ പഞ്ചായത്തിന്റെ പരിധിൽ പ്രവർത്തിക്കുന്ന നിരവധി കള്ളു ഷാപ്പുകൾ,റേഷൻകടകൾ തുടങ്ങിയ സ്ഥാപനങ്ങൾ തൊഴിൽ നികുതിയുടെ പരിധിയിൽ ഇല്ല.തുടർ വർഷങ്ങളിൽ ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100ച.മീ.വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 638 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 70 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 15 |
| | ആകെ | 723 |

മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി

നികുതി നിർണ്ണയിക്കപ്പെട്ട 723 കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് 145 സ്ഥാപനങ്ങൾ മാത്രമാണ്. അതായത്, ഗ്രാമപഞ്ചായത്തിലെ നാലിലൊന്ന് സ്ഥാപനങ്ങൾ പോലും ലൈസൻസെടുത്തിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017 ലെ 80/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിരുന്നു. സ്ഥാപനങ്ങളെ വിവിധ വിഭാഗങ്ങളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായിട്ടുള്ളതിനാൽ പുതിയ ഫീസ് നിരക്ക് പട്ടിക സെക്രട്ടറി തയ്യാറാക്കി നൽകിയത് പരിഗണിച്ച് ഭരണസമിതി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിൻ പ്രകാരം ഫീസ് ഈടാക്കി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ 31.10.2017ലെ പുതുക്കിയ ചട്ടപ്രകാരമുള്ള ഫീസാണ് വാങ്ങേണ്ടിയിരുന്നത്. ഇത് പ്രകാരമുള്ള ഏറ്റവും കുറഞ്ഞ നിരക്ക് 500/രൂപയാണ്.

2019-20 സാമ്പത്തിക വർഷം 208 സ്ഥാപനങ്ങൾ ലൈസൻസ് നേടിയിരുന്നു. 145510/രൂപ ഈ ഇനത്തിൽ വരവുണ്ടായിരുന്നു. 2020-21 സാമ്പത്തിക വർഷം 145 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് നേടിയിട്ടുള്ളത്. 34550/ രൂപയാണ് ഈ ഇനത്തിൽ വരവ് വന്നിട്ടുള്ളത്. 2019-20 വർഷത്തേക്കാൾ 63 (208-145) സ്ഥാപനങ്ങൾ കുറഞ്ഞപ്പോൾ 111460/ രൂപയുടെ ( 145510- 34050) കുറവാണ് ഉണ്ടായിട്ടുള്ളത്. ഭൂരിപക്ഷം സ്ഥാപനങ്ങളിൽ നിന്നും പരിശോധന നടത്തുന്ന ഉദ്യോഗസ്ഥന്റെ തീരുമാനത്തിനനുസരിച്ച് 100, 200രൂപ നിരക്കിൽ മാത്രമാണ് ഫീസ് ഈടാക്കിയിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന ഫീസ് ഈടാക്കുന്നില്ല.ഉദാഹരണത്തിന് കൊഴുവനാൽ ക്രഷിംഗ് എന്റർപ്രൈസസ് എന്ന സ്ഥാപനം 100HPമോട്ടോർ ഉപയോഗിക്കുന്നുണ്ട്. ഇത് പ്രകാരം 1000/രൂപ ഫീസ് ഈടാക്കാമായിരുന്നു. എന്നാൽ 500രൂപ മാത്രമാണ് (രസിത് നമ്പർ120040101550/3.11.20) ഈടാക്കിയിട്ടുള്ളത്. നാഷണൽ ട്രേഡിംഗ് കമ്പനി നൽകിയ അപേക്ഷയിൽ ( ക്രമ നമ്പർ-23) മൂലധന നിക്ഷേപം 4571066/രൂപയാണ്.ഉത്പാദന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലും 1കോടി രൂപയിൽ കവിയാത്തതുമായ സ്ഥാപനത്തിൽ നിന്നും 1000/രൂപ ഫീസ് ഈടാക്കാമായിരുന്നു. എന്നാൽ 500രൂപ മാത്രമാണ് ( രസീത് നമ്പർ120040100651/27.07.20) ഈടാക്കിയിട്ടുള്ളത്.

വ്യാപാര സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ ഭരണസമിതിയുടെ അംഗീകാരത്തോടെ സ്വീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

### 1-16 ഇ എം എസ് ഭവനപദ്ധതി ഗുണഭോക്താവ് തിരിച്ചടച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

മുൻ വർഷങ്ങളിൽ ഇ എം എസ് ഭവനപദ്ധതിയുടെ ഗുണഭോക്താവായിരുന്ന ശ്രീമതി ത്രേസ്യാമ്മ,പനച്ചകത്ത് വസ്തു വില്പനയുമായി ബന്ധപ്പെട്ട് 359177/- രൂപ 20-5-2020 ൽ 120040100167 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടച്ച് ബാധ്യത ഒഴിവാക്കിയിട്ടുള്ളതാണ്.പ്രസ്തുത തുക ബാധ്യതകണക്കിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിന് പകരം തനത് ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്.സർക്കാരിലേക്ക് തിരികെ അടക്കേണ്ട തുക അടവാക്കിയിട്ടുണ്ട് എങ്കിൽ വിവരം അറിയിക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/17.12.2021) മറുപടിയായി തുക 350300199 ബാധ്യത ഹെഡിൽ വരവ് വച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുക സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-17 ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് .എന്നാൽ സർക്കുലർ നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ബിറ്റുമിൻ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-18 അങ്കണവാടി നിർമ്മാണം പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച തുക വിനിയോഗിച്ചില്ല

31.03.2021ലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം 580000/- രൂപ പൊതുമരാമത്ത് വകുപ്പിൽ കെട്ടിട

നിർമ്മാണത്തിന് നിക്ഷേപം നടത്തിയിട്ടുള്ളതായി കാണുന്നു.വിനിയോഗവിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കെട്ടിടം നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും അങ്കണവാടിക്കായുള്ള കെട്ടിടത്തിന്റെ പകുതി ചെലവ് പൊതുമരാമത്ത് വകുപ്പ് വഹിക്കാമെന്ന് കരാർ ഉണ്ടായിരുന്നതായും എസ്റ്റിമേറ്റ് നിരക്ക് വർദ്ധിച്ചതിനാൽ പഞ്ചായത്ത് വിഹിതം വർദ്ധിപ്പിച്ച് തുക നല്കുകയോ നിക്ഷേപിച്ച തുക തിരികെ വാങ്ങുകയോ ചെയ്യണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതായും സെക്രട്ടറി അറിയിച്ചു. നിലവിൽ അങ്കണവാടി വാടക കെട്ടിടത്തിലാണെന്നും കെട്ടിട നിർമ്മാണം അനിവാര്യമാണെന്നും അറിയുന്നു.നിലവിലുള്ള കരാർ വ്യവസ്ഥക്ക് വിരുദ്ധമായതിനാൽ സർക്കാർ അനുമതിയോടെ പഞ്ചായത്ത് ഭരണസമിതി അധിക തുക വകയിരുത്തി കെട്ടിടം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ തുക തിരികെ വാങ്ങി പഞ്ചായത്ത് സ്വന്തം നിലയിൽ കെട്ടിട നിർമ്മാണം നടത്തുകയോ ചെയ്യാത്ത പക്ഷം വികസനഫണ്ട് 580000/- രൂപ നഷ്ടപ്പെടുന്ന സാഹചര്യം നിലനില്ക്കുന്നു.

1-19 നിക്ഷേപ പ്രവൃത്തികൾ -നിർവ്വഹണം കാര്യക്ഷമമല്ല

കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, കുഴൽകിണർ നിർമ്മാണം ,വൈദ്യുതലൈൻ ദീർഘിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കി വൻ തുക വാട്ടർ അതോറിറ്റി, കെ എസ് ഇ ബി തുടങ്ങിയ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. 2020-21 വർഷം ഇത്തരത്തിൽ നിക്ഷേപം നടത്തിയ പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ്/പ്രോജക്റ്റ് നമ്പർ | നിർവ്വഹണ ഏജൻസി | തുക/ബിൽ നമ്പർ |
|---|---|---|
| കാരങ്ങാട്ട്-ചെരിപുറം റോഡിൽ പൈപ്പ് ലൈൻ,27/21 | വാട്ടർ അതോറിറ്റി | 150000/-(ധന.ക.ഗ്രാന്റ്) ബിൽ നം48/30-3-21 |
| ചെങ്ങളം മാർക്കറ്റ് കുടിവെള്ള പദ്ധതി കുഴൽ കിണർ ,10/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | 200000/-(ധന.ക.ഗ്രാന്റ്) ബിൽ നം 15/21-8-2020 |
| തറക്കുന്ന് പള്ളിക്കത്തോട് റോഡിൽ പൈപ്പ് ലൈൻ,28/21 | വാട്ടർ അതോറിറ്റി | 200000/-(ധന.ക.ഗ്രാന്റ്) ബിൽ നം 47/30-3-21 |
| ഇടമുറി ടാങ്കിൽ നിന്നും പൈപ്പ് ലൈൻ സ്ഥാപിക്കൽ,112/21 | വാട്ടർ അതോറിറ്റി | 300000/-(ധന.ക.ഗ്രാന്റ്) ബിൽ നം 19/15-10-2020 |
| ചെങ്ങളം സബ്സെന്ററിനും കൂാക്കുഴി അങ്കണവാടിക്കും കുഴൽകിണർ നിർമ്മാണം 260/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | 200000/-(ധന.ക.ഗ്രാന്റ്) ബിൽ നം 44/25-3-21 |
| ചെങ്ങളം മൃഗാശുപത്രിക്ക് കുഴൽകിണർ,192/21 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | 150000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) ബിൽ നം 3/22-4-2020 |
| അതിരമുണ്ട കുടിവെള്ള പദ്ധതി ലൈൻ വലിക്കൽ,128/21 | കെ എസ് ഇബി | 118220/-(ധന.ക.ഗ്രാന്റ്) ബിൽ നം41/20-3-21 |
| മുണ്ടൻ കുന്ന് കുരിശുപള്ളി പൈപ്പ് ലൈൻ സ്ഥാപിക്കൽ,29/21 | വാട്ടർ അതോറിറ്റി | 150000/-(ധന.ക.ഗ്രാന്റ്) ബിൽ നം49/30-3-21 |

| | | |
|---|---|---|
| പൂവത്തിളപ്പ് വാട്ടർ ടാങ്കിൽ നിന്നും വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ,176/21 | വാട്ടർ അതോറിറ്റി | 275000/-(തനത് ഫണ്ട്)<br>300000/-<br>(ബ്ലോക്ക്,ഷെയർ)<br>ബിൽ നം 5/15-5-2020 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- തദ്ദേശ സ്ഥാപനം ആവശ്യപ്പെടുന്നതനുസരിച്ച് നിർവ്വഹണ ഏജൻസി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നേടി വിവരം അറിയിക്കുന്നതനുസരിച്ച് സാങ്കേതിക അനുമതി ലഭിച്ചതുക നിക്ഷേപം നടത്തുകയാണ് ചെയ്യേണ്ടത്.എന്നാൽ ഫയൽ പ്രകാരം റഫ് കോസ്റ്റ് അടിസ്ഥാനത്തിലാണ് തുക നിക്ഷേപിക്കുന്നത്.
- കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയ കരാർ പ്രകാരം ആണ് തുക നിക്ഷേപിക്കേണ്ടതെങ്കിലും പല നിക്ഷേപ പ്രവ്യത്തികളിലും കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല.
- തുക നിക്ഷേപിച്ചാൽ തദ്ദേശ സ്ഥാപനം മോണിറ്ററിംഗ് സമിതി രൂപീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുകയും ചെയ്യേണ്ടതാണെങ്കിലും മോണിറ്ററിംഗ് നടക്കുന്നില്ല .
- നിർമ്മാണം പൂർത്തിയായാൽ നിർവ്വഹണ സ്ഥാപനം യഥാർത്ഥ ചെലവ് രേഖകൾ സഹിതം വിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതും മിച്ച തുക തിരികെ നല്കുകയോ തുടർ പ്രോജക്ടുകളിൽ വകയിരുത്തുകയോ ചെയ്യേണ്ടതാണെങ്കിലും ആയത് നടക്കുന്നില്ല.
- ബാലൻസ് ഷീറ്റ് പ്രകാരം ഇത്തരത്തിൽ നിക്ഷേപം നടത്തിയിട്ടുള്ളതും വിനിയോഗ വിവരം ലഭ്യമല്ലാത്തതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പൊതുമരാമത്ത് വകുപ്പ് | 580000 |
| വാട്ടർ അതോറിറ്റി | 286947 |
| കെ എസ് ഇ ബി | 4227378 |
| ഭൂജല വകുപ്പ് | 85000 |

- തൻവർഷം വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയിട്ടുള്ളതും വിനിയോഗവിവരങ്ങൾ ലഭ്യമല്ലാത്തതുമായ തുകയുടെ വിവരങ്ങൾ ആർ പി 47 ഷെഡ്യൂളിൽ ഡപ്പോസിറ്റായി ഉൾപ്പെടുത്തുന്നതിന് പകരം ആർ പി 38 ഷെഡ്യൂളിൽ ഫിക്സഡ് അസറ്റായി ചേർത്തതിനാൽ തുടർ നിരീക്ഷണം അസാദ്ധ്യമാകുകയും പഞ്ചായത്തിന് യഥാർത്ഥ ഫലം ലഭിക്കാതെ വരുകയും ചെയ്യും

ഇത്തരത്തിൽ വൻ തുക വിവിധ വകുപ്പുകളിൽ നിക്ഷേപം നടത്തിയിട്ടും ഫലപ്രാപ്തി വിലയിരുത്താൻ കഴിയാത്ത സാഹചര്യത്തിൽ മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പല പ്രോജക്ടുകളും പൂർത്തീകരിച്ചതാണെന്നും എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നും അറിയിച്ചു. നിക്ഷേപ പ്രവ്യത്തികളുടെ പൂർത്തീകരണം/അടവു തുകയുടെ ക്രമീകരണം എന്നിവ ഉറപ്പു വരുത്തേണ്ടതാണ്.

## 1-20 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം

ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ ബാക്കി നില്ക്കുന്നതും താഴെ പറയുന്നതുമായ തുകകൾ ഏതാവശ്യത്തിന് ലഭിച്ചതാണെന്നും നിലവിൽ ബന്ധപ്പെട്ട പ്രോജക്ട് ഉണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കണമെന്നും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(3) നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

| ക്ര നം | ഇനം | തുക | വിശദീകരണവും സ്വീകരിക്കേണ്ട നടപടിയും |
|---|---|---|---|
| 2 | സമ്പൂർണ്ണ ശുചിത്വ പദ്ധതി,320300103 | 134758 | പെർഫോമൻസ് ഇൻസന്റീവ് ഗ്രാന്റ് നീക്കിയിരിപ്പ്. തുക |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും നിശ്ചയിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്. |
| 3 | സംയോജിത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം,3207001304 | 574823 | 4.9 ലക്ഷത്തിന് എ ഇ റിക്വിസിഷൻ നല്കിയിട്ടുണ്ട്.ബാക്കി തുക സോളാർ ലൈറ്റ്,സത്യനാഥക്ഷേത്രം കുടിവെള്ള പദ്ധതി എന്നിവയുടെ നീക്കിയിരിപ്പ് തുകയാണ്. 4.9 ലക്ഷം ഒഴിച്ചുള്ള തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. |
| 4 | സംയോജിത പദ്ധതി ജില്ലാപഞ്ചായത്ത് വിഹിതം,320700205 | 1246405 | ലൈഫ് പദ്ധതിക്ക് 150237/- രൂപ ചെലവഴിച്ചു. ബാക്കി തുകക്ക് പ്രോജക്റ്റുകൾ ഇല്ല.150237രൂപ ഒഴിച്ചുള്ള തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. |
| 5 | സംയോജിത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം,3207001204 | 24100 | ലൈഫ് പദ്ധതി അധിക വിഹിതം. തുക പൂർണ്ണമായും നിശ്ചയിക്കപ്പെട്ട ആവശ്യത്തിന് ചെലവഴിച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്. |
| 6 | എസ് എസ് എ 320100116 | 65969 | പ്രവർത്തനം പൂർത്തീകരിച്ചതാണ്. ബാക്കി തുക തിരിച്ചടക്കേണ്ടതാണ്. |
| 7 | കേന്ദ്ര വിഹിതം 320100199 | 12000 | നിലവിൽ പ്രോജക്റ്റ് ഇല്ല ,നിശ്ചയിച്ച ആവശ്യത്തിന് ഉപയോഗിക്കുകയോ,അല്ലെങ്കിൽ തിരിച്ചടച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്. |
| 8 | കേന്ദ്ര വിഹിതം 320100201 | 10000 | നിലവിൽ പ്രോജക്റ്റ് ഇല്ല ,നിശ്ചയിച്ച ആവശ്യത്തിന് ഉപയോഗിക്കുകയോ,അല്ലെങ്കിൽ തിരിച്ചടച്ച് ബാധ്യത ഒഴിവാക്കേണ്ടതാണ്. |
| 9 | കേന്ദ്ര വിഹിതം 320100203 | 25520 | ശുചിത്വമിഷൻ ഫണ്ട് . നിശ്ചയിച്ച ആവശ്യത്തിന് ഉപയോഗിക്കേണ്ടതാണ് |
| 10 | സംസ്ഥാന വിഹിതം 320200399 | 198584 | ചെലവഴിച്ച തുക, വാർഷികകണക്കിൽ ആവശ്യമായ ക്രമീകരണം നടത്തുക |
| 11 | ഗുണഭോക്തൃവിഹിതം 320800101 | 145851 | തുടരുന്ന പ്രോജക്റ്റ്,അടിയന്തിരമായി പൂർത്തീകരിച്ച് |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് ഗുണഫലം ലഭ്യമാക്കേണ്ടതാണ്. |
| 12 | സ്റ്റേറ്റ് അവാർഡ് 320900299 | 150000 | ചെലവഴിച്ച തുക, വാർഷികകണക്കിൽ ആവശ്യമായ ക്രമീകരണം നടത്തുക |

വാർഷികകണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയും, തിരിച്ചടക്കേണ്ട തുകകൾ അടവാക്കിയും വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഇലക്ഷൻ ഡെപ്പോസിറ്റായി സ്വീകരിച്ച 75500 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്

2020-21 വാർഷികകണക്ക് B7 ഷെഡ്യൂളിൽ, 2020 ഡിസംബറിലെ പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളിൽ നിന്ന് ഇലക്ഷൻ ഡെപ്പോസിറ്റായി സ്വീകരിച്ച 75500 രൂപ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരം പ്രകാരം ആകെ വോട്ടിന്റെ 1/6 വിഹിതം ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ജാമ്യ നിക്ഷേപം കണ്ട് കെട്ടാവുന്നതാണ്. കണ്ട് കെട്ടിയ തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി ബാധ്യതകണക്കിൽ നിന്നും ഒഴിവാക്കേണ്ടതും, ബാക്കി തുകയിൽ തിരികെ അവകാശപ്പെടാത്ത തുക ഡെപ്പോസിറ്റിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി ബാധ്യതകണക്കിൽ നിന്നും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 1-22 കാർഷിക ഓപ്പൺ മാർക്കറ്റിന് ഫർണ്ണീച്ചർ വാങ്ങൽ-അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെങ്ങളം കാർഷിക ഓപ്പൺ മാർക്കറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0140/21 |
| അടങ്കൽ | 200000(തനത് ഫണ്ട്) |
| ചെലവ് | 199300 |

പദ്ധതി പ്രകാരം യു.പി.എസ്, ബാറ്ററി, ഫ്രീസർ എന്നീ ഉപകരണങ്ങൾ സോളാർ ഏജൻസീസ് പൊൻകുന്നം എന്ന സ്ഥാപനത്തിൽ നിന്നും ,ടേബിൾ ,അലമാര,റാക്ക്,ആം ചെയർ തുടങ്ങിയ ജോജിൻ ഇൻഡസ്ട്രീസ് പാലാ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. കർഷക സമിതി പ്രവർത്തനം വിലയിരുത്തി ഗ്രാന്റ് നൽകുക എന്നതായിരുന്നു ലക്ഷ്യമാക്കിയിരുന്നത്. ചെങ്ങളം കർഷക സമിതി വാങ്ങിയ മേൽ സാധനങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് നല്കിയത്. ഭൗതീക പരിശോധനയിൽ നിലവിൽ കാർഷികോപകരണങ്ങളുടെ വില്പന മാത്രമാണ് കർഷക സംഘം നടത്തുന്നത്.കാർഷിക വിഭവങ്ങളുടെ സംഭരണവും വിതരണവും നടക്കുന്നില്ല .ഗ്രാന്റ് അനുവദിക്കുന്നതിന് അടിസ്ഥാനമാക്കിയ ഫ്രീസർ നാളിതുവരെ ഉപയോഗിച്ചിട്ടുള്ളതായി കാണുന്നില്ല . ഫ്രീസർ പ്രവർത്തിപ്പിക്കുന്നതിന് വാങ്ങിയ യു.പി.എസ്, ബാറ്ററി എന്നിവ കടയിലെ വൈദ്യുത വിതരണത്തായി ഉപയോഗിക്കുന്നു. പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള ഫർണ്ണീച്ചറുകളുടെ ഉപയോഗം സംബന്ധിച്ചും വ്യക്തത ഇല്ല. കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്താതെ കർഷകസംഘത്തിന് നല്കിയ ഗ്രാന്റ് തുക 199300 രൂപ തടസ്സപ്പെടുത്തുന്നു.

ചെങ്ങളം കർഷക സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തത ലഭിക്കുന്നതിനായി സമിതിയുടെ മിനിറ്റ്സ് ബുക്ക് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കർഷക സമിതിയിലെ അംഗങ്ങളെ സംബന്ധിച്ചും സമിതിയുടെ പ്രവർത്തനം സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നുണ്ട്. കർഷക സമിതിയുടെയും ഓപ്പൺ മാർക്കറ്റിന്റെയും നടപടി ക്രമങ്ങൾക്ക് സുതാര്യത ആവശ്യമാണ്.
കർഷക സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും പഞ്ചായത്ത് സഹായത്തോടെ വാങ്ങിയ ഉപകരണങ്ങളും ഫർണീച്ചറും ഫലപ്രദമായി ഉപയോഗിച്ചും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ക്ലീൻകോട്ടയം ഗ്രീൻ കോട്ടയം- അംഗീകാരം നേടിയ പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കി

വി.ഇ .ഒ കാഞ്ഞിരമറ്റം നിർവ്വഹണം നടത്തിയ പ്രോജക്ടാണ് ക്ലീൻകോട്ടയം ഗ്രീൻ കോട്ടയം ഉറവിട മാലിന്യ സംസ്കരണം ( നമ്പർ 151/21). പ്രോജക്ട് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് തുക | ബിൽ/ ചെക്ക് നമ്പർ |
|---|---|---|
| ധനകാര്യകമ്മീഷൻ | 240000/രൂപ | 21/20-21/ 13.11.21 / |

| | | |
|---|---|---|
| ഗ്രാന്റ് | | 100,000/<br>44/20-21/27.3.21,<br>140000/ |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 120000/രൂപ | 5430562/24.3.21 (ചെക്ക്) |
| മറ്റുള്ളവ | 40000/ രൂപ | 5430565/30.3.21 (ചെക്ക്) |

അഞ്ച് സെന്റിൽ താഴെ സ്ഥലമുള്ള എല്ലാ വീടുകളിലും ഉറവിടമാലിന്യസംസ്കരണ സംവിധാനം എന്ന നിലയിൽ ബക്കറ്റ് കമ്പോസ്റ്റിംഗ് സംവിധാനം ഒരുക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് നടപ്പാക്കിയത് ഐ.ആർ.ടി.സി പ്രോജക്ട് നിർവ്വഹണയൂണിറ്റ് പാലക്കാട് മുഖാന്തിരമാണ് . ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 1000/ രൂപ നിരക്കിൽ 400 യൂണിറ്റുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്തതിന്റെയോ, ലഭിച്ച ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളോ പരിശോധനക്ക് ഹാജരാക്കിയില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/22.12.21 ന് ലഭ്യമാക്കിയ മറുപടിയിൽ അഞ്ച് സെന്റിൽ താഴെ സ്ഥലമുള്ള എല്ലാ വീടുകളും എന്നതിന് പകരം എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും നൽകി എന്നും, സർക്കാർ ഉത്തരവ് നമ്പർ (കെ) നം.45/2020/ ത.സ്വ.ഭ.വ തീയതി 06.03.21 ലെ ഖണ്ഡിക 3-4 പ്രകാരം വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ നൽകാം എന്നതിനാൽ നൽകി എന്നും, പ്രോജക്ട് റിവിഷൻ നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നും അറിയിച്ചു. എന്നാൽ പ്രസ്തുത ഉത്തരവിൽ എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ നൽകാം എന്നാണ് പറയുന്നത്. സർക്കാർ ഉത്തരവ് നം.2420/17ത.സ്വ.ഭ.വ.തീയതി 15.07.17 പ്രകാരം അഞ്ച്സെന്റ് വരെ സ്ഥലം ഉള്ളവർക്ക് ബക്കറ്റ് ബിന്നുകളും, അഞ്ച് സെന്റിന് മുകളിൽ സ്ഥലം ഉള്ള ആളുകൾക്ക് അവരുടെ താത്പര്യമനുസരിച്ച് വളക്കുഴികൾ പോലുള്ള സംവിധാനങ്ങളാണ് ഒരുക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. അംഗീകാരം നേടിയശേഷം പ്രോജക്ടിൽ നിന്ന് വ്യതിചലിക്കേണ്ട സാഹചര്യത്തിൽ പ്രോജക്ട് റിവൈസ് ചെയ്തതിന് ശേഷം മാത്രമാണ് പ്രോജക്ട് നടപ്പാക്കേണ്ടത്.

## 1-24 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- മൂല്യനിർണ്ണയത്തിൽ അവ്യക്തത

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ട് ( നമ്പർ 211/21 ) പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ.അരുൺകുമാർ.പി.എസ്, പേഴകാട്ടിൽ, പാദുവാ, എന്ന വിദ്യാർത്ഥിക്ക് 111808/ രൂപ (ചെക്ക് നമ്പർ 0753973/4.11.20- 25000/, ചെക്ക് നമ്പർ 5430554/05.3.21- 86808/ ) അനുവദിച്ചിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ മുറിയുടെ റൂഫ് കോൺക്രീറ്റിംഗ് വരെ പൂർത്തീകരിച്ചിട്ടുണ്ട് എന്നും ഇതുവരെയുള്ള നിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം 75000/ രൂപയാണ് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം അനുവദിക്കാവുന്ന സബ്സിഡി 75000/ രൂപയാണെന്നിരിക്കെ അനുവദിച്ചിട്ടുള്ളത് 111808/ രൂപയാണ്. അപാകതയിൽ വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/22.12.21 ന് ലഭ്യമാക്കിയ മറുപടിയിൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. വിശദമായ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി പ്രകാരം 2000,00/രൂപ കൈപ്പറ്റി- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ശ്രീമതി. ശുഭാ സന്തോഷ് കുന്നംപുറത്ത് കരിമ്പിനിഴം എന്ന വ്യക്തിയെ ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നു. 13.08.2018 ൽ 40000/ രൂപ അഡ്വാൻസും 29.11.2018 160,000/-രൂപയും ഉൾപ്പടെ 2 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കേണ്ട തറയുടെ പണിമാത്രമാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്.കരാർ പ്രകാരം ആദ്യ ഗഡു കൈപ്പറ്റി ആറു മാസത്തിനകം പണി പൂർത്തീകരിക്കേണ്ടതുണ്ട്.എന്നാൽ ഈ വ്യക്തി ഭവന നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 3.12.2019 ലെ 1(6) നം.തീരുമാന പ്രകാരം ശ്രീമതി.ശുഭാ സന്തോഷ് ,കുന്നപുറത്ത് കരിമ്പാനിയുടെ പക്കൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വി.ഇ.ഒ യെ ചുമതലപ്പെടുത്തിയിരുന്നു. 01.10.2021 ൽ ശ്രീമതി. ശുഭാ സന്തോഷിന് തുക തിരികെ ഒടുക്കാനാവശ്യപ്പെട്ട് സെക്രട്ടറി (എ3-1008/20/ 01.10.21) കത്ത് നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ ഭാഗത്തുനിന്നും തുടർ പ്രതികരണം ഉണ്ടാകാത്തതിനാൽ 05.11.2021 റവന്യൂ വകുപ്പിന്റെ ഓൺ ലൈൻ പോർട്ടലിൽ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ

തുടർ കത്തിടപാടുകൾ നടത്തി റവന്യൂ റിക്കവറി നോട്ടീസ് പുറപ്പെടുവിക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-26 ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയ ഗുണഭോക്താവിന് 100,000/ രൂപ അധികമായി നൽകി

ലൈഫ് ഭവനപദ്ധതി ഗുണഭോക്താവായ ശ്രീ. സാജൻ ജേക്കബ് , കൊച്ചക്കര. ചെങ്ങളം.പി.ഒ എന്ന ഗുണഭോക്താവ് 16.10.2020ൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടു. ഗുണഭോക്താവിന് വിവിധ ഘട്ടങ്ങളിൽ നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ തീയതി | അനുവദിച്ച തുക |
|---|---|
| 14/20-21/16.10.20 | 40000/രൂപ |
| 26/20-21/ 28.01.21 | 160000/രൂപ |
| 43/20-21/ 26.03.21 | 100,000/രൂപ |
| 1/21-22/ 12.07.21 | 100,000/രൂപ |
| 3/21-22/ 12.07.21 | 100,000/രൂപ |
| ആകെ | 500000/- രൂപ |

ഗുണഭോക്താവിന് ആകെ അനുവദിക്കാവുന്ന 4,00,000/രൂപ 12.07.21 ൽ 100,000/രൂപ അനുവദിച്ചപ്പോൾ നൽകി കഴിഞ്ഞിരുന്നു. എന്നാൽ രജിസ്റ്ററിൽ ആകെ നൽകിയ തുക കൂട്ടി എഴുതി ഭവന നിർമ്മാണം പൂർത്തീകിച്ച വിവരം എഴുതിച്ചേർത്തില്ല. തൻമൂലം 17.08.2021ൽ ബിൽ നമ്പർ 3/21-22/05.08.21 പ്രകാരം 1,00,000/രൂപ പിൻവലിച്ച് ടിയാളുടെ എസ്.ബി.ഐ യിലെ 67252369289 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയതായി അപേക്ഷയോടൊപ്പമുള്ള ബിൽ പകർപ്പിൽ നിന്നും വ്യക്തമായി. ഇത് സംബന്ധിച്ചുള്ള അന്വേഷണത്തിന് ടിയാൾക്ക് അനുവദിക്കാവുന്ന ഭവനനിർമ്മാണ സബ്സിഡി 4,00,000/രൂപയ്ക്ക് പകരം 5,00,000/രൂപ നൽകിയിട്ടുണ്ട് എന്നും അധികം കൈപ്പറ്റിയ 1,00,000/രൂപ സർക്കാരിലേക്ക് തിരികെ അടവാക്കണം എന്നും ആവശ്യപ്പെട്ട് രജിസ്റ്റേർഡ് തപാലിൽ കത്തയച്ചെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ഇതേ ആവശ്യത്തിന് 06.12.2021ൽ വീണ്ടും കത്തയച്ചിട്ടുണ്ട്. എന്നാൽ മറുപടി ലഭിച്ചതിന്റെ വിവരം ഫയലിൽ കാണുന്നില്ല. മറുപടി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, 1,00,000/രൂപ അധികമായി അനുവദിച്ചതിന്റെ വിശദാംശം ലൈഫ് സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്താതിരുന്നതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/20-21 ന് ലഭ്യമാക്കിയ മറുപടിയിൽ 2020-21 ൽ ഗുണഭോക്താവിന് നൽകാനുള്ള സ്റ്റേജ് കണക്കുകൂട്ടിയതിൽ വന്ന പിഴവ് മൂലമാണ് ഇത്തരത്തിൽ അധികമായി തുക നൽകിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താവിനെക്കൊണ്ട് അധികമായി കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ സമയബന്ധിത മായി എഴുതാത്തതിനാലുണ്ടായ അപാകത നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. തുക തിരികെ ഈടാക്കിയില്ലെങ്കിൽ ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

1-27 വനിതസംരംഭം വ്യക്തിഗതം (എസ്.സി) പ്രോജക്ട് പ്രകാരം നൽകിയ സബ്സിഡി പ്രയോജനപ്പെടുത്തിയിട്ടില്ല.

വി.ഇ.ഒ. കാഞ്ഞിരമറ്റം നിർവ്വഹണം നടത്തിയ പ്രോജക്ട് ( നമ്പർ 144/21) പ്രകാരം വികസന ഫണ്ട് എസ്.സി.പി യിൽ നിന്നും 50000/ രൂപ ( ബിൽ നമ്പർ 49/20-21/28.03.21) പിൻവലിച്ച് ഗിരിജ ഗോപീദാസ്, പുളിന്താനത്ത്, ചെങ്ങളം എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അപേക്ഷക സമർപ്പിച്ച പ്രോജക്ട് പ്രകാരം ചെങ്ങളം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുള്ള 70000/രൂപ വായ്പ, പഞ്ചായത്തിൽ നിന്നുള്ള 50000/ രൂപ സബ്സിഡി, ഉടമയുടെ വിഹിതം 3000/ രൂപയും ഉൾപ്പടെ ആകെ 123000/ രൂപ വകയിരുത്തി ഗുണഭോക്താവ് 15 വർഷമായി നടത്തുന്ന ഗാഥ ടെയ് ലറിംഗ് എന്ന സ്ഥാപനം വിപുലീകരിച്ച് പ്രവർത്തിപ്പിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. ഇതിനായി ബാക്ക് എൻഡഡ് സബ്സിഡിയായാണ് പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുള്ളത്. 22.12.2021 ൽ സ്ഥാപനത്തിൽ നടത്തിയ പരിശോധനയിൽ മേൽ പ്രസ്താവിച്ച പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഒന്നും സ്ഥാപനത്തിൽ നടത്തിയിട്ടില്ല എന്ന് കണ്ടു. ഫയലിൽ സൂക്ഷിച്ചിട്ടുള്ള മോണിട്ടറിംഗ് റിപ്പോർട്ട് അപൂർണ്ണമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി അനുവദിച്ചതിനുശേഷം നാളിതുവരെ സ്ഥാപനം സന്ദർശിച്ച് പ്രോജക്ട് വിലയിരുത്തിയിട്ടില്ല. പഞ്ചായത്ത് അനുവദിക്കുന്ന സബ്സിഡി ഫലപ്രദമായി ഉപയോഗിക്കുന്നു എന്ന് മോണിറ്ററിംഗ് സമിതി ഉറപ്പുവരുത്തേണ്ടതാണ്

1-28 എസ്.സി/ എസ്.റ്റി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -

അസിസ്റ്റന്റ് സെക്രട്ടറി 2020-21 സാമ്പത്തിക വർഷം പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന മെറിറ്റോറിയസ് കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് എസ്.സി/ എസ്.റ്റി. വിഭാഗങ്ങൾക്കായി നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പരോജക്ട് നമ്പർ,പേര് | ഫണ്ടിനം | ചെലവ് തുക | ബിൽ നമ്പർ തീയതി |
|---|---|---|---|
| 17/21 പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന മെറിറ്റോറിയസ് കുട്ടികൾക്ക് സ്കോളർഷിപ്പ് | എസ്.സി.പി | 125000/ രൂപ | 4/20.2.21- 100,000/ 6/26.3.21- 25000/ |
| 18/21 പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന മെറിറ്റോറിയസ് കുട്ടികൾക്ക് സ്കോളർഷിപ്പ് | റ്റി.എസ്.പി | 15000/ രൂപ | 5/20.2.21 |

1) എസ്.സി.പി പ്രോജക്ട് പ്രകാരം 20000/ രൂപ (ബിൽ നമ്പർ 4/20-21/20.2.21) സ്കോളർഷിപ്പ് അനുവദിച്ച ഷരുൺ.എം.എസ്, മൂലേൽപ്പുരയിടത്തിൽ, അശ്വതിരാജു,രണ്ടുപ്ലാക്കൽ എന്നീ ഗുണഭോക്താക്കൾ പട്ടികജാതി വകുപ്പിൽ നിന്നും സ്കോളർഷിപ്പ് കിട്ടുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.,

2) ടി.എസ്.പി പ്രോജക്ട് പ്രകാരം 15000/ (ബിൽ നമ്പർ 5/20-21/20.2.21) സ്കോളർഷിപ്പ് അനുവദിച്ച രമേശ് രാമൻകുട്ടി, പടിഞ്ഞാറേ എരുവത്താനത്ത് എന്ന ഗുണഭോക്താവ് വൈക്കം ക്ഷേത്രകലാ പീഠത്തിൽ പഞ്ചവാദ്യ വിഭാഗത്തിൽ പഠിക്കുന്നതിന്റെ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് യോഗ്യതനേടി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സഹായം അനുവദിക്കാവുന്നതാണ്. മെഡിക്കൽ കോഴ്സിന് 30000/ ബിരുദം- 20000 / ബിരുദാനന്തര ബിരുദം 30000/ , മറ്റെല്ലാ സർക്കാർ അംഗീകൃത കോഴ്സുകൾക്കും15000/രൂപയും അനുവദിക്കാവുന്നതാണ്. വൈക്കം ക്ഷേത്രകലാ പീഠം നടത്തുന്ന പഞ്ചവാദ്യ കോഴ്സ് സർക്കാർ അംഗീകാരമുള്ള കോഴ്സാണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/20-21/ 22.12.21 ന് മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ടി.എസ്.പി ഫണ്ടിൽ നിന്നും രമേശ് രാമൻകുട്ടി എന്ന ഗുണഭോക്താവിന് അനുവദിച്ച 15000/ രൂപയുടേയും ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 വിവാഹ ധനസഹായം - വിവാഹം നടന്നതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി. പെൺകുട്ടികൾക്ക് വിവാഹ ധനസഹായം (പ്രോജക്ട് നമ്പർ 15/21 ) പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചതിൽ ശാരിമോൾ.പി.എസ്, പാറയ്ക്കൽതാഴെ, മണലുങ്കൽ എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത് 26.03.2021 തീയതിയിൽ വിവാഹം നടത്താൻ തീരുമാനിച്ചിട്ടുണ്ട് എന്ന് ജ്യോൽസ്യൻ നൽകിയിട്ടുള്ള കത്താണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിവാഹത്തിന് 15ദിവസം മുൻപോ, വിവാഹം കഴിഞ്ഞ് 6 മാസത്തിനകമോ അപേക്ഷിക്കേണ്ടതാണ്. ബിൽ നമ്പർ 7/20-21 / പ്രകാരം 26.03.21 ൽ 75000/ രൂപ അനുവദിച്ചിട്ടുണ്ട്. തുക അനുവദിക്കുമ്പോൾ 26.03.2021 തീയതിയിൽ നടത്താൻ തീരുമാനിച്ച വിവാഹം നടത്തിയതിന്റെ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/ 22.12.21 ന് മറുപടി ലഭ്യമാക്കിയില്ല. 75000/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 എസ്.റ്റി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അംഗീകാരമില്ലാത്ത കോഴ്സിന് അനുവദിച്ചു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ നമ്പർ 16/21 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്ന പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും മൂന്ന് ലാപ് ടോപ്പുകൾ വാങ്ങി ( ബിൽ നമ്പർ 8/20-21/ 26.03.21 ) വിതരണം ചെയ്തിട്ടുണ്ട്. ലാപ് ടോപ്പ് ലഭിച്ച രാധികാ രാധാകൃഷ്ണൻ, കറ്റിശ്ശേരിൽ, ചെങ്ങളം, എന്ന ഗുണഭോക്താവ് ഹാജരാക്കിയ സർട്ടിഫിക്കറ്റ് സെന്റ്. മേരീസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ എന്ന സ്ഥാപനത്തിൽ സിവിൽ

എഞ്ചിനീയറിംഗ് ബ്രാഞ്ച് ഇൻ ജൂനിയർ ബാച്ച്എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ.ഉ ( കൈ) നം. 22/2018/ തസ്വഭവ തീയതി 14.02.2018 ഖ.7.2.8, 7.2.9 എന്നീ ഖണ്ഡികകളിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക്(ഡിപ്ലോമ), എഞ്ചിനീയറിംഗ്. മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് ( ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾ ഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക്, സർക്കാർ എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും അർഹതയുണ്ട് എന്ന് വ്യക്തമാക്കുന്നു. രാധികാ രാധാകൃഷ്ണൻ, ഹാജരാക്കിയിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരമുള്ള കോഴ്സ് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ള കോഴ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എങ്കിൽ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/22/12/21 ന് മറുപടി ലഭ്യമാക്കിയില്ല. മൂന്ന് ലാപ് ടോപ്പുകൾക്കായി എസ്.സി.പി ഫണ്ടിൽ നിന്നും 84495/ രൂപ ( ബിൽ നമ്പർ 8/20-21/ 26.03.21) ചെലവഴിച്ചിട്ടുണ്ട്.ഇതിൽ ഒരു ലാപ ടോപ്പിന്റെ വിലയായ 28165/ രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 ടെണ്ടർ ഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല

പഞ്ചായത്തിൽ നാളിതു വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. 2020-21 മുതൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീസ് വരവാകുമെന്ന് അറിയിച്ചിരുന്നെങ്കിലും ആരംഭിച്ചിട്ടില്ല. 3 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രോജക്ടുകൾ ഇ-ടെണ്ടർ ചെയ്യുന്നതിനാൽ വലിയ തുകയാണ് ലഭിക്കാനുള്ളത്.പഞ്ചായത്തിന് അവകാശപ്പെട്ട ടെണ്ടർ ഫീസ് കണക്കാക്കി തനത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 റിടെൻഷൻ തുക കരാറുകാരന് നല്കിയ ശേഷവും ബാധ്യതയായി നില്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 ൽ പൂർത്തിയാക്കിയതും വിവിധ ബില്ലുകൾ പ്രകാരം കരാറുകാരന് തുക നല്കിയതുമായ പ്രവൃത്തികളുടെ ബില്ലുകൾ പരിശോധിച്ചതിൽ ആദ്യബില്ലുകളിൽ നിന്നും റിട്ടൻഷൻ ഇനത്തിൽ ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഫൈനൽബിൽ നല്കുന്ന സമയത്ത് കരാറുകാരന് നല്കുന്നതിന് പകരം ഫൈനൽ ബില്ലിൽ വീണ്ടും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുകയോ ബാധ്യതകണക്കിൽ തുക നിലനിർത്തി തനത് ഫണ്ടിൽ നിന്നും തുക നല്കുകയോചെയ്യുന്ന സാഹചര്യമാണുള്ളത് വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | പ്രോജക്ട് /നമ്പർ /കരാറുകാരൻ | അടങ്കൽ/ഫണ്ടിനം | ചെലവ് വിവരം | റീടെൻഷൻ ഇനത്തിൽ ഈടാക്കി സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക |
|---|---|---|---|---|
| 1 | ചെങ്ങളം പന്തപ്ലാക്കൽ റോഡ് കോൺ ക്രീറ്റിംഗ് , 174/20-21 | 531549/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് 235248/- തനത് ഫണ്ട് 296301 | 235248/-(ധന .ഗ്രാന്റ്) 176772/-(തനത്ഫണ്ട്) | 8830/-(തുക കരാറുകാരന് തനത് ഫണ്ടിൽ നിന്നും നല്കിയതിനാൽ ബാധ്യതകണക്കിൽ നിന്നും തുക തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്) |

| | | | | |
|---|---|---|---|---|
| 2 | പട്യാലിമറ്റം പി എച്ച് സി സബ്സെന്റർ നിർമ്മാണം,57/20-21 | 4.5 ലക്ഷം തനത് ഫണ്ട് | 276187/-(തനത്ഫണ്ട്) 167896/-(തനത്ഫണ്ട്) | 6165/- (ബാധ്യതകണക്കിൽ നിന്നും തുക തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്) |
| 3 | ടേക്ക് എ ബ്രേക്ക് ,പി എച്ച് സി ക്ക് ശുചിമുറി 259/20-21 | 816068/- 246068/- ധന ഗ്രാന്റ് 420000/- ശുചിത്വമിഷൻ 150000/- ബ്ലോക്ക് വിഹിതം | 150000/- ബ്ലോക്ക് വിഹിതം 210636/-ധന ഗ്രാന്റ് 420000/-ശുചിത്വമിഷന് | 6628/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കേണ്ടതാണ്) |

അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വാർഷികകണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയും ക്രനം 3 പ്രകാരമുള്ള തുക നിശ്ചിത ശീർഷകത്തിൽ തിരിച്ചടച്ചും വിവരം അറിയിക്കേണ്ടതാണ്.

## 1-33 നികുതി ഇനത്തിൽ കിഴിവ് ചെയ്ത തുകകൾ അക്കൗണ്ടിൽ സൂക്ഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ്ബാങ്ക് ഓഫ് ഇൻഡ്യ,പൂവത്തിളപ്പ് ബ്രാഞ്ചിലുള്ള 38443974241 നമ്പർ കറന്റ് അക്കൗണ്ടിൽ 262103/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇത് മുൻകാലങ്ങളിൽ തനത് ഫണ്ട് ഉപയോഗിച്ചുള്ള വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി വിഹിതം( ഐ റ്റി, ജി എസ് ടി) അതാത് വകുപ്പുകളിൽ അടവാക്കാതെ സൂക്ഷിച്ചിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ജി എസ് ടി നിയമം വകുപ്പ് 51(2) പ്രകാരം മാസം അവസാനിച്ച് 10 ദിവസത്തിനകം ടിഡി എസ് ആയി ഈടാക്കിയ തുക സർക്കാരിലേക്ക് ഒടുക്കേണ്ടതും റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. കൂടാതെ കിഴിവ് നടത്തിയ വ്യക്തി കരാർതുക കിഴിവിന്റെ നിരക്ക്, കുറവ് ചെയ്ത തുക മുതലായ വിവരം ഉൾപ്പെടുത്തി വിതരണക്കാരന് (Deductee) ടിഡി എസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. എന്നാൽ ജി എസ് ടി നിയമവും ചട്ടങ്ങളും പാലിക്കാതെ നികുതി തുക അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഗുരുതരമായ കൃത്യവിലോപമാണ്.

ആദായ നികുതി കരാറുകാരിൽ നിന്നും ഈടാക്കിയത് യഥാസമയം അടവാക്കാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ആദായനികുതി നിയമത്തിലെ വകുപ്പുകളുടെ ലംഘനവും കനത്ത പിഴ ഈടാക്കുന്നതിന് കാരണവുമാണ്.

തനത് ഫണ്ട് ഉപയോഗിച്ചുള്ള മരാമത്ത് പ്രവൃത്തികളിൽ നിന്നും കിഴിവ് ചെയ്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകയുടെ ഇനം തിരിച്ചുള്ള കണക്കും പരിശോധനക്ക് ലഭിച്ചിട്ടില്ല . നിയമ വിരുദ്ധമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഇനം തിരിച്ച് കണക്കാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടക്കേണ്ടതും ഭാവിയിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നേരിട്ട് നല്കി സമാനരീതിയിൽ ഉണ്ടാകാവുന്ന അപാകത ഒഴിവാക്കേണ്ടതുമാണ്.

## 1-34 കെട്ടിട നിർമ്മാണ പ്രവൃത്തികൾ അവലോകനം

പഞ്ചായത്ത് ഉടമസ്ഥതയിൽ ചെങ്ങളത്തുള്ള സ്ഥലത്ത് 2020-21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടന്ന പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ,എം സി എഫ് , കാർഷിക ഓപ്പൺ മാർക്കറ്റ് എന്നിവയാണ്.

കാർഷിക ഓപ്പൺ മാർക്കറ്റ്

നിലവിലുള്ള പഞ്ചായത്ത് കെട്ടിടത്തിനോടനുബന്ധിച്ച് ഗ്രൗണ്ട് ഫ്ലോറിലും ഒന്നാം നിലയിലുമായി 4 മുറികളാണ് ഈ ആവശ്യത്തിനായി പണിതിട്ടുള്ളത്.ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/നമ്പർ | ചെലവ് |
|---|---|
| 241/21, ചെങ്ങളം കർഷക ഓപ്പൺ മാർക്കറ്റ് അനുബന്ധ പ്രവർത്തനങ്ങൾ | 98526/- |
| 243/21, ചെങ്ങളം കർഷക ഓപ്പൺ മാർക്കറ്റ് ടോയ്ലറ്റ് | 46796/- |

| | |
|---|---|
| 228/21,ചെങ്ങളം കർഷക ഓപ്പൺ മാർക്കറ്റ് പൂർത്തീകരണം | 425543/- |
| 157/21,ചെങ്ങളം കർഷക ഓപ്പൺ മാർക്കറ്റ് രണ്ടാം ഘട്ടം | 499000/- |
| ഒന്നാംഘട്ടം (മുൻവർഷ ചെലവ്) | 300000/- |
| ആകെ | 1369865/- |

13 ലക്ഷം രൂപ ചെലവഴിച്ച കെട്ടിടത്തിന്റെ 4 മുറികളും കർഷകസംഘം നാമമാത്ര വാടകക്ക് എടുത്തിട്ടുള്ളതാണ്.പ്രാദേശിക പരിശോധനയിൽ താഴത്തെ രണ്ട് മുറികൾ കാർഷിക ഉപകരണ വില്പനക്കായി ഉപയോഗിക്കുന്നുണ്ട് എങ്കിലും മുകളിലത്തെ മുറികൾ ഒഴിച്ചിട്ട നിലയിലാണ്. കർഷക സംഘത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ മുറികൾ സമീപത്ത് പണിതിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ലഭ്യമായിട്ടും പ്രത്യേക കെട്ടിടം പണിതതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടില്ല.കർഷകസംഘം കാർഷിക വിളകളുടെ സംഭരണ/വിതരണത്തിനായി പ്രവർത്തിക്കുന്ന മുറികൾ മാത്രം വാടക ഇളവോടെ സംഘത്തിന് നല്കേണ്ടതും ബാക്കിയുള്ളവ ലേലം നടത്തി സെക്യൂരിറ്റി നിക്ഷേപം അടക്കം ഈടാക്കി വരുമാനദായകമാക്കേണ്ടതുമാണ്.

ഷോപ്പിംഗ് കോംപ്ലക്സ്

ചെങ്ങളത്ത് നിർമ്മാണം പൂർത്തീകരിച്ച പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ 2020-21 ലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/നമ്പർ | ചെലവ് |
|---|---|
| 64/21, ചെങ്ങളം ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം | 995753/- |
| 160/21, ചെങ്ങളം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 1297882/- |
| ആകെ | 2293635/- |

ചെങ്ങളം എം സി എഫിനോട് ചേർന്ന് 22.93 ലക്ഷം രൂപ മുടക്കി നിർമ്മാണം പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം വരുമാനദായകമാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ചെങ്ങളംടൗണിൽ നിന്നും വേറിട്ടുള്ളതും പൊതുജനങ്ങൾ വളരെ കുറച്ച മാത്രം എത്തിച്ചേരുന്ന സ്ഥലത്ത് എം സി എഫി നോട് ചേർന്ന് കെട്ടിടം പണിതത് വേണ്ടത്ര സാദ്ധ്യതാ പഠനം നടത്താതെയാണെന്ന് വ്യക്തമാണ്. ഭരണസമിതി വിഷയം പ്രത്യേകമായി പരിഗണിക്കേണ്ടതും ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട മുറികൾ ലേലം ചെയ്ത് വരുമാനദായകമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.60px



എം സി എഫ്

ഹരിതകേരളമിഷൻ മാർഗ്ഗരേഖപ്രകാരം ജൈവമാലിന്യങ്ങൾ സ്രോതസ്സിലും അജൈവമാലിന്യങ്ങൾ പൊതുസംസ്കരണകേന്ദ്രങ്ങളിലും സംസ്കരിക്കാവുന്നതാണ്. പൊതുസംസ്കരണസംവിധാനം തദ്ദേശ സ്ഥാപനങ്ങൾ ഒരുക്കുകയും അജൈവമാലിന്യസംസ്കരണത്തിന് വ്യക്തികളെ പ്രാപ്തരാക്കുന്നതുമാണ് പൊതുസമീപനം. അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേന വീട്ടുകളിൽ നിന്നും സ്വീകരിക്കുകയും എം സി എഫിൽ എത്തിച്ച് തരംതിരിക്കുകയും ഇത്തരത്തിൽ തരം തിരിച്ചമാലിന്യങ്ങൾ ആർആർ എഫിൽ എത്തിച്ച് പുന ചംക്രമണം ചെയ്യുകയുമാണ് സംസ്കരണരീതി.

ഹരിതകർമ്മസേന വീടുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ പ്രാഥമികമായി മിനി എംസി എഫിൽ ശേഖരിക്കുകയും തടർന്ന് വാഹനങ്ങളിൽ എം സി എഫിൽ എത്തിക്കുകയുമാണ് ലക്ഷ്യമിടുന്നത് ഇതിനായി 2019-20 ലും 20-21 ലുമായി 37 മിനി എംസി എഫുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട് (2020-21 ൽ 29 എണ്ണത്തിനായി 447981/- രൂപ ചെലവഴിച്ചു)എങ്കിലും മിക്കവയും ഉപയോഗരഹിതമായി കാട് കയറിയ നിലയിലാണ്. വീട്ടുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ നിലവിൽ നേരിട്ട് എം സി എഫിൽ എത്തിക്കുന്നതിനാൽ മിനി എം സി എഫുകൾ ഉപയോഗരഹിതമാണ്





ഹരിതകർമ്മസേന വീടുകളിൽ നിന്നും ശേഖരിക്കുന്ന തരംതിരിക്കാത്ത അജൈവമാലിന്യങ്ങൾ ചെങ്ങളത്തുള്ള എം സി എഫിൽ കൂട്ടിയിട്ട നിലയിലാണ്. മാർഗ്ഗരേഖപ്രകാരം പൊതുസംസ്കരണ സ്ഥലത്തോട് ചേർന്ന് എം സി എഫ്, ഓഫീസ്, വളം /ഇനോകുലം തുടങ്ങിയവ സൂക്ഷിക്കാനുള്ള സ്ഥലം എന്നിവ തദ്ദേശ സ്ഥാപനം ഒരുക്കേണ്ടതാണ്. എന്നാൽ ചെങ്ങളത്ത് ഈ ആവശ്യത്തിനായി ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് 5 കടമുറികളാണ് ഒരുക്കിയിട്ടുള്ളത് . ശുചിത്വ മിഷൻ ഫണ്ട് 23 ലക്ഷം രൂപയോളം ഈ ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ട്. മാലിന്യം ഈ മുറികൾ നിറഞ്ഞും ശേഷിച്ചവ സമീപത്തായി കൂട്ടിയിട്ട നിലയിലുമാണ്. മാലിന്യ സംസ്കരണ/ശേഖരണ സംവിധാനം യഥാർത്ഥ ലക്ഷ്യം ഉൾക്കൊണ്ടല്ല പഞ്ചായത്ത് നടപ്പാക്കുന്നത് എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു.





ടേക്ക് എ ബ്രേക്ക്

എം സി എഫ് നോടനുബന്ധിച്ച് 3ലക്ഷത്തോളം രൂപ ചെലവിൽ പണി തീർത്തിട്ടുള്ള ടോയ്ലറ്റ് സമുച്ചയം ഉപയോഗ രഹിതമാണ്. സർക്കാർ നിർദ്ദേശാനുസരണം പൊതുജനങ്ങൾ കൂടുതലായി എത്തിച്ചേരുന്ന ബസ്സ്റ്റാന്റ്, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കേണ്ട ടോയ്ലറ്റ് സമുച്ചയം പൊതുജനങ്ങൾ എത്താത്തതും നഗരത്തിൽ നിന്നും വേറിട്ടതുമായ സ്ഥലത്ത് നിർമ്മിച്ചതിലൂടെ ഫണ്ട് പ്രയോജനരഹിതമായി ചെലവഴിച്ചതായി വിലയിരുത്തുന്നു.

### 1-35 കോവിഡ് ചെലവുകളുടെ അവലോകനം

കോട്ടയം ജില്ലയിൽ ആദ്യം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആരംഭിച്ച പഞ്ചായത്തുകളിൽ ഒന്നാണ് അകലക്കുന്നം ഗ്രാമ പഞ്ചായത്ത്. ഇതിനായി തെരഞ്ഞെടുത്ത് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കെ.ആർ.നാരായണൻ മെമ്മോറിയൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടാണ്. വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള രോഗബാധിതരെ പ്രവേശിപ്പിക്കുന്നതിനുള്ള വിപുലമായ സജ്ജീകരണങ്ങൾ സെന്ററിൽ ഏർപ്പെടുത്തിയിരുന്നു. കോവിഡ് 19 മഹാമാരി നേരിടുന്ന ഈ കാലത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് ജനങ്ങൾക്ക് വലിയ ആത്മവിശ്വാസമാണ് നൽകിയിട്ടുള്ളത്. 02.07.2020 മുതൽ 15.03.2021 വരെ CFLTC പ്രവർത്തിച്ചിരുന്നു. പിന്നീട് മുണ്ടൻകുന്ന് പി.എച്ച്.സിയിൽ ഡൊമിസിലിയറി കെയർ സെന്റർ നടത്തിവരുന്നു. CFLTC പ്രവർത്തിച്ച സ്ഥാപനത്തിന്റെ ഫർണിച്ചറുകളും മറ്റും ഉപയോഗിച്ചതിനാൽ ഫർണിച്ചറുകൾ വാങ്ങിയിട്ടില്ല. പാത്രങ്ങളും, ബെഡ് ഷീറ്റ് മുതലായ സാധനങ്ങൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. CFLTCയുടെ പ്രവർത്തനം അവസാനിച്ചപ്പോൾ സാധനങ്ങൾ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ആയവനിലവിൽ ഡൊമിസിലിയറി കെയർ സെന്ററിന്റെ പ്രവർത്തനത്തിനായി ഉപയോഗിച്ചുവരുന്നു. CFLTC യുടെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി സ്റ്റാഫ് എന്നിവരെ നിയമിച്ചിരുന്നു. CFLTC പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിൽ കുടിവെള്ള സൗകര്യം ഇല്ലാതിരുന്നതിനാൽ വൻ തുക ചെലവഴിച്ച് ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കേണ്ടി വന്നു. കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ ഒരാൾക്ക് പ്രതിദിനം 150/ രൂപ നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ച് ഭക്ഷണം നൽകുകയാണ് ചെയ്തത്. സെന്ററിന്റെ നടത്തിപ്പിനായി 15.03.2021 വരെയുള്ള ആകെ ചെലവ് 6726469/ രൂപയാണ്. ഇതിൽ 6714677 രൂപയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ഇനിയും തിരികെ ലഭിക്കാനുള്ളത് 11792 ( 6726469 - 6714677 ) രൂപ മാത്രമാണ്. 07/2021 മുതൽ മുണ്ടൻകുന്ന് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പഴയ കെട്ടിടത്തിൽ ഡൊമീസിലിയറി കെയർ സെന്റർ പ്രവർത്തനം ആരംഭിച്ചു. സെന്റർ നിലവിലും പ്രവർത്തിച്ചുവരുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 07/06/2021-ലെ 5/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17/12/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 2020-21 | 45880 | തരിശുനിലകൃഷി | 45880 |
| | 2020-21 | 393717 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 393717 |
| | 2020-21 | 150000 | ടേക്ക് എ ബ്രേക്ക് | 150000 |
| | | 300000 | കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ | 300000 |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 889597 |
| ജില്ല പഞ്ചായത്ത് കോട്ടയം | 2020-21 | 222583 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 222583 |
| | 2020-21 | 300000 | | |
| | | 184442 | ലൈഫ്ഭവനം എസ് സി | 184442 |
| | | 350000 | അങ്കണവാടി പൂരകപോഷകാഹാരം | 350000 |
| | | 100000 | | |
| | ആകെ ജില്ലാ പഞ്ചായത്ത് വിഹിതം | | | 757025 |

2020-21-ൽ സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തസ്വഭരണ സ്ഥാപനങ്ങൾ വകയിരുത്തിയ വിഹിതത്തിൽ നിന്നുള്ള യഥാർത്ഥ ചെലവ് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻ വലിക്കുകയാണ് ചെയ്യുന്നത്.ആയതിനാൽ പഞ്ചായത്തിൽ നീക്കിയിരിപ്പ് ഇല്ല. മുൻകാലങ്ങളിൽ ലഭിച്ച വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ

നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്റ്റ് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| കെ.എസ്.ഇ.ബി. | അതിരമുണ്ട കുടിവെള്ളപദ്ധതി ലൈൻ വലിക്കൽ | 118220/-ധന.ക.ഗ്രാന്റ് | വിനിയോഗവിവരം ലഭ്യമല്ല |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചെങ്ങളം മാർക്കറ്റ് കുടിവെള്ള പദ്ധതി | 200000/- ധന.ക.ഗ്രാന്റ് | വിനിയോഗവിവരം ലഭ്യമല്ല |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചെങ്ങളം മൃഗാശുപത്രിക്ക് കുഴൽ കിണർ നിർമ്മാണം | 150000/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | വിനിയോഗവിവരം ലഭ്യമല്ല |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ചെങ്ങളം സബ്സെന്ററിന് കുഴൽകിണർ | 200000/- ധന.ക.ഗ്രാന്റ് | വിനിയോഗവിവരം ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | കാരങ്ങാട്- ചെരിപുറം റോഡ് പൈപ്പ് ലൈൻ നീട്ടൽ | 150000/-ധന.ക.ഗ്രാന്റ് | വിനിയോഗവിവരം ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | തറക്കുന്ന്- പള്ളിക്കത്തോട് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 200000/-ധന.ക.ഗ്രാന്റ് | വിനിയോഗവിവരം ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | മുണ്ടൻകുന്ന്- കുരിശുപള്ളി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 150000/-ധന.ക.ഗ്രാന്റ്1201px | വിനിയോഗവിവരം ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | ഇടമുള്ടാങ്കിൽ നിന്നും പൈപ്പ് ലൈൻ നീട്ടൽ | 300000/-ധന.ക.ഗ്രാന്റ് | വിനിയോഗവിവരം ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | പൂവത്തിളപ്പ് ടാങ്കിൽ നിന്നും പൈപ്പ് ലൈൻ നീട്ടൽ | 300000/-ബ്ലോക്ക് വിഹിതം | വിനിയോഗവിവരം ലഭ്യമല്ല |
| വാട്ടർ അതോറിറ്റി | ആലേക്കുന്ന് എസ് സി സങ്കേതം വാട്ടർ കണക്ഷൻ | 200000/- വികസനഫണ്ട് എസ് സി പി | വിനിയോഗവിവരം ലഭ്യമല്ല |
| ആകെ | | 1968220/- | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | നാളിതു വരെയുള്ള ആകെ ലോൺ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 1902608 | 1477902/- | 160000/- | 263294- | | 1374608/- |

ലൈഫ് ഭവനപദ്ധതിക്കായി 2020-21 ൽ ഹഡ്കോ വായ്പയിൽ 248667/- രൂപ വികസനനഫണ്ട് ജനറലിൽ നിന്നും അടവാക്കിയിട്ടുണ്ട്( സർക്കാർ കിഴിവ് ചെയ്യത്). എസ് സി പി പ്രോജക്റ്റിന് ലോൺ വിഹിതം ഉപയോഗിച്ചിട്ടില്ല എങ്കിലും 20-21 വർഷം 14627/- രൂപ എസ് സി പി വിഹിതത്തിൽ നിന്നും സർക്കാർ നേരിട്ട് കുറവ് ചെയ്യിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1124679/- |
| തൻവർഷം നിക്ഷേപിച്ച തുക | 86327/- (പലിശ സ്ഥിര നിക്ഷേപത്തോട് ചേർത്തത്) |
| ആകെ | 1211006/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1211006/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No-7228) | 01.04.19 | 1 വർഷം | 535183 | |
| 2 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No-7229) | 01.04.19 | 1 വർഷം | 267593 | |

| | | | | | |
|---|---|---|---|---|---|
| 3 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No-7230) | 01.04.18 | 1 വർഷം | 398290 | |
| 4 | കാഞ്ഞിരമറ്റം സർവ്വീസ് സഹകരണ ബാങ്ക് (A/c No-3076) | 01.04.18 | 1 വർഷം | 10000 | |
| ആകെ | | | | 1211006/- | |

വാർഷിക കണക്ക് B12 ഷെഡ്യൂൾ പ്രകാരം 1134787/- രൂപയാണ് ഇൻവെസ്റ്റ്മെന്റ് ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. കണക്കിൽ 76279/രൂപയുടെ വ്യത്യാസം ഉള്ളത് പരിഹരിക്കേണ്ടതാണ്.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവ് ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

ചാർജ്ജ് സർചാർജ്ജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 80930127/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69490709/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 317465/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 199300 | രശ്മി പ്രഭാകർ,കൃഷി ഓഫീസർ |
| 1-28 | 15000 | ജോസഫ് മാർട്ടിൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 75000 | മനമോഹൻ, വി ഇ ഒ ,ഇളങ്ങുളം |
| 1-30 | 28165 | മനമോഹൻ, വി ഇ ഒ ,ഇളങ്ങുളം |
| ആകെ | 317465 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(2)/18/ 16.02.2018 | 3 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(1)/18/ 16.02.2018 | 9 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(3)/18/ 30.01.2018 | 2 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(4)/18/ 31.01.2018 | 9 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(5)/18/ 31.01.2018 | 4 |
| 2009-10 | എൽ.എഫ്.കെ.പി12-521/13 / 18.05.2013 | - |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(6)/18/ 31.01.2018 | 8 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ 2018-52(7)/18/ 05.04.2018 | 18 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/164 /15/05.05.2016/10.05.2016 | 11 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/1500/16/22 /.02.17/17.04.2017 | - |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/1863 /16/02.05.2017 | 10 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/1365 /2017/22.01.2018 | 18 |

| | | |
|---|---|---|
| 2017-18 | കെ.എസ്.എ.-<br>കെ.ടി.എം.പി13/1953<br>/2018/26.09.2019 | 13 |
| 2018-19 | കെ.എസ്.എ.കെ.ടി.എം .പി<br>13/1395/2019/15.05.2020 | 18 |
| 2019-20 | കെ.എസ്.എ.കെ.ടി.എം .പി<br>13/765/2021/06.11.2021 | 17 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്